**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **30-08-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ കുഴികളിൽ വീണ് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണുണ്ടായ അപകടങ്ങളെ തുടർന്ന് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്; | (എ) | റോഡപകടങ്ങളെ സംബന്ധിച്ച് കണക്കുകൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല. |
| (ബി) | ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകാൻ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ബി) | റോഡിലുണ്ടാകുന്ന കുഴികൾ മുഖാന്തിരം ഉണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും നൽകാൻ നിലവിൽ വ്യവസ്ഥകളില്ല. കെ.എസ്.ടി.പി റോഡുകൾ കരാറുകാർക്ക് കൈമാറിക്കഴിഞ്ഞാൽ ടി റോഡിന്റെ പരിപാലനം അവരുടെ ചുമതലയാണ്. ടി റോഡുകളിൽ കുഴികൾ മുതലായവമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് ടി കരാറുകാരൻ ഉത്തരവാദിയാണ്. ടി കരാറുകാരൻ നഷ്ടപരിഹാരം നൽകിയില്ലായെങ്കിൽ ബിൽ തുകയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ